പണം നൽകുന്നതിന് ഏതാണ്ട് 38 കോടി രൂപയാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത്രയും തുക കൂടുതൽ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കഴിയുന്നത്ര വേഗം പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും ഗുണഭോക്താക്കളുടെ ബുദ്ധിമുട്ട് പരിഹരിക്കാനും സർക്കാർ ശ്രമിക്കുന്നതാണ്.

(11) മാവേലിക്കര വൈദ്യുതി വിതരണ മേഖലയിലെ പ്രതിസന്ധി

ശ്രീ. എം. മുരളി: സർ, പള്ളിവാസലിന്റെ കാലത്തെ വൈദ്യുതി വിതരണ മേഖലയാണ് എന്റെ നിയോജകമണ്ഡലമായ മാവേലിക്കര. മാവേലിക്കര ടൗണിലും പരിസര പ്രദേശങ്ങളിലുമുള്ള ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ വൈദ്യുതി പ്രശ്നത്തിന് പരിഹാരം ഉണ്ടാകണം. ആക്സിലറേറ്റഡ് പവർ ഡെവലപ്പ്മെന്റ് റിഫോംസ് പ്രോഗ്രാം എന്ന സ്കീം തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അടിയന്തിരമായി അതിന് ഭരണാനുമതി നൽകുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം പുതിയ സ്കീം ഉണ്ടാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. 3.95 കോടി രൂപയുടെ ആ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അത് കിട്ടിയാലുടൻ നടപ്പാക്കുന്നതാണ്. അപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും.

(12) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അംഗൻവാടി ജീവനക്കാർക്ക് നിലവിലുള്ള ക്ഷേമനിധിയുടെ നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭിക്കുന്നത്. 3 വർഷമായി അവർക്ക് ഈ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. അതിന് അടിയന്തിര പരിഹാര മുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ജീവനക്കാരുടെ പ്രതിനിധികളെക്കൂടി അംഗൻവാടി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. നിലവിലുള്ള പദ്ധതി പരിശോധനയ്ക്ക് വിധേയമാക്കി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇപ്പോൾതന്നെ അവർക്ക് വിവിധ സ്കീമുകൾ ഉണ്ട്. അതിന്റെ ഘടനാമാറ്റം കുറച്ചു കൂടി മെച്ചപ്പെടുത്തുന്ന രീതിയിലാക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. സഹായ പദ്ധതികളെക്കുറിച്ച് അവരുമായി ചർച്ച ചെയ്യുന്നതിന് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly